കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

# സംസ്ഥാന
# വിള ഇൻഷ്വറൻസ്



ഫാം ഇൻഫർമേഷൻ ബ്യൂറോ



കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

# സംസ്ഥാന
# വിള ഇൻഷ്വറൻസ്

ഫാം ഇൻഫർമേഷൻ ബ്യൂറോ



# സംസ്ഥാന വിള ഇൻഷ്വറൻസ്

*ഫാം ഇൻഫർമേഷൻ ബ്യൂറോ*

**ചീഫ് എഡിറ്റർ**
**വി. സുമ**
*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*

**പബ്ലിക്കേഷൻ ഓഫീസർ**
**എലിസബത്ത് ജോർജ്**
*അസി. ഡയറക്ടർ,*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*

**ലേ ഔട്ട്, ഡിസൈനിങ്**
**ഗ്രാമ്പിൾസ് കമ്മ്യൂണിക്കേഷൻസ്**

2017



# സന്ദേശം



കാർഷിക മേഖലയിൽ സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്നാണ് വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞു എന്നത്. 1995 മുതൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിള ഇൻഷ്വറൻസ് പദ്ധതി 21 വർഷങ്ങൾക്കുശേഷമാണ് നഷ്ടപരിഹാരത്തുക ഉയർത്തിക്കൊണ്ട് പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളത്. കർഷകന് അവന്റെ നഷ്ടത്തിന് ആനുപാതികമായ നിരക്കിൽ നഷ്ടപരിഹാരത്തുക ഇതുവരെ ലഭിക്കുന്നുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന നഷ്ടപരിഹാരത്തുക വിവിധ സൂചികകളെ അടിസ്ഥാനമാക്കി ആനുപാതികമായി ഉയർത്തുകയുണ്ടായി. എന്നാൽ 1995 മുതൽ നിലവിലുണ്ടായിരുന്ന പ്രീമിയം തുക, പ്രധാന വിളകളായ തെങ്ങ്, നെല്ല്, പച്ചക്കറി എന്നിവയ്ക്ക് അതേപടി നിലനിർത്തുകയും മറ്റുള്ളവയ്ക്ക് 50 % മാത്രം ഉയർത്തുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തെ പ്രധാനപ്പെട്ട മുഴുവൻ വിളകളെയും ഉൾപ്പെടുത്തി വിള ഇൻഷ്വറൻസ് 2017 മാർച്ച് മുതൽ പുനരാവിഷ്കരിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക പന്ത്രണ്ട് ഇരട്ടി വരെ ഉയർത്താനായത് അഭിമാനകരമായ നേട്ടമാണ്.

കർഷകർക്ക് അവരുടെ മേഖലയിൽ തുടരുന്നതിനുവേണ്ട പ്രചോദനം നൽകുക, അതുപോലെ പുതുസംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നീ രണ്ട് ലക്ഷ്യങ്ങളാണ് കാർഷിക മേഖലയിൽ സർക്കാരിനുള്ളത്. അതിനായി കർഷകർക്കൊപ്പം നിൽക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്കുണ്ടാകുന്ന ഏത് പ്രതിസന്ധിയിലും വേണ്ട ഇടപെടലുകളും സഹായവും നടത്തുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വിളകൾക്ക് പരിപൂർണ്ണ സംരക്ഷണം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി ജൂലൈ ഒന്നാം തീയതി വിള ഇൻഷ്വറൻസ് ദിനമായി ആചരിക്കുകയാണ്. എല്ലാ കർഷകരും അതാത് കൃഷിഭവനുകളിൽ വിളകൾ യഥാസമയം ഇൻഷ്വർ ചെയ്ത് ഇതിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു. ജൂലൈ ഒന്നിനുശേഷവും വിളകൾ ഇൻഷ്വർ ചെയ്യാൻ കൃഷിഭവനുകളിൽ അവസരമുണ്ടായിരിക്കുന്നതാണ്.

ആശംസകളോടെ

**അഡ്വ. വി.എസ്.സുനിൽകുമാർ**
കൃഷിവകുപ്പുമന്ത്രി



# വിള ഇൻഷ്വറൻസ്

കാർഷിക ഉത്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവും കാർഷിക വിളകൾക്കുണ്ടാകന്ന നാശനഷ്ടങ്ങളും കർഷകസമൂഹത്തിന്റെ മനസ്സിൽ ഒരു വെള്ളിടി തന്നെ സൃഷ്ടിക്കുന്നു. ഉത്പാദന നഷ്ടത്തിനൊപ്പം വരുമാനവും നഷ്ടമാകുന്നു. അടുത്തവിളയ്ക്കായുള്ള നേട്ടങ്ങളെല്ലാം പ്രകൃതിക്ഷോഭം, രോഗകീടങ്ങളുടെ ആക്രമണം ഇവ മൂലം ഒരു നിമിഷം കൊണ്ട് തകിടം മറിയുന്നു. ഇത് കർഷകസമൂഹത്തിന്റെ കുടുംബഭദ്രത തന്നെ താറുമാറാക്കുന്നു. ഇതിനെല്ലാം പരിഹാരമായി, കർഷകർക്ക് ഒരു കുളിർ തെന്നലായി, ഒരാശ്വാസമായി വിള ഇൻഷ്വറൻസ് പദ്ധതി കടന്നുവന്നിരിക്കുന്നു. കർഷക സമൂഹത്തിന്റെ രക്ഷയ്ക്കായി ദേശീയ തലത്തിലും സംസ്ഥാനതലത്തിലും വിള ഇൻഷ്വറൻസ് പദ്ധതികൾ നിലവിൽ വന്നു കഴിഞ്ഞു.

ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കാൻ പ്രഖ്യാപിത വിളകളുടെ ആവശ്യത്തിനായി വായ്പ എടുക്കുന്ന കർഷകർക്ക് അതാത് ബാങ്ക്/സഹകരണ സംഘം മുഖേന ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. വായ്പ എടുക്കാത്ത ഒരു കർഷകൻ, തന്റെ കൃഷി ഭൂമിയ്ക്ക് ഏറ്റവും അടുത്തുള്ള ബാങ്ക് ബ്രാഞ്ച്/സഹകരണ സംഘത്തിനെ ഇതിനായി സമീപിച്ച് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാകുന്നു.

**സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി**

പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുകയെന്നതാണ് കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കൊ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ബാധകമായിരിക്കും. സംസ്ഥാനത്തെ മൊത്തം നെൽകൃഷിക്കാർക്കും ഇൻഷ്വറൻസ് പദ്ധതി ബാധകമാണ്.



## വ്യവസ്ഥകൾ

### 1. വിളകൾ

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ (ഏത്തൻ, ഞാലിപ്പൂവൻ, കപ്പ മറ്റിനങ്ങൾ), മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്),കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്കാണ് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.

### 2. പ്രകൃതിക്ഷോഭം

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യമൃഗങ്ങളുടെ ആക്രമണം എന്നീ പ്രകൃതിക്ഷോഭം കൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.

### 3. പ്രീമിയം

1. പദ്ധതിയിൽ ചേരുന്ന കർഷകർ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. ഈ തുക മടക്കിക്കൊടുക്കുന്നതല്ല.
2. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ.

### 4. നഷ്ടപരിഹാരം

1. വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണനാശത്തിനു മാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല.
2. നാശനഷ്ടം സംഭവിച്ച വിളകളുടെ വില നഷ്ടപരിഹാരത്തിൽ നിന്നും കുറവു ചെയ്യുന്നതല്ല.
3. കൃഷിഭൂമിയിലെ വിള ഭാഗികമായി ഇൻഷ്വർ ചെയ്യുന്നതല്ല.
4. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് കർഷകർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം.
5 കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരത്തുക നല്കുന്നതാണ്.



6 ഉത്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യം ഉള്ളതുമായ വൃക്ഷവിള കളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

7 ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞതു പത്തു ശതമാനമെ ങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. മറ്റു വിളകൾക്ക് പട്ടിക-1 ൽ കാണിച്ചിട്ടുള്ള പ്രകാരം നഷ്ടപരിഹാരം നല്കും.

8 ഹ്രസ്വകാലവിളകളുടെ ഇൻഷ്വറൻസ് കാലയളവ് പ്രീമിയം അടച്ച് ഒരാ ഴ്ചമുതൽ വിളവെടുപ്പ് തുടങ്ങുന്നതുവരെയാണ്.

## 5 അംഗത്വം

1 സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധ തിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

2 നെൽകൃഷിക്ക് ഓരോ കർഷകനും പ്രത്യേകം വിള ഇൻഷ്വർ ചെയ്യേ ണ്ടതാണ്. എന്നാൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടേയോ, പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. ഗ്രൂപ്പ് ഫാമിംഗ് നില വിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിൽ വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാ ണ്. എന്നാൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത പാടശേഖര ങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടം ഉണ്ടായാലും അതിനും നഷ്ട പരിഹാരം നൽകുന്നതാണ്.

## 6 പദ്ധതി നടത്തിപ്പ്

1 പദ്ധതി കൃഷിവകുപ്പിന്റെ വിവിധ ആഫീസുകൾ വഴി നടപ്പാക്കും. പഞ്ചായത്തു തലത്തിൽ കൃഷിഭവൻ വഴിയാണ് പദ്ധതി നടപ്പാക്കുക.

2 പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്ന കർഷകൻ ഇതിനായി നിശ്ച യിച്ചിട്ടുള്ള അപേക്ഷയിൽ അതാതു സ്ഥലത്തെ കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്.

3 കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പ്രീമിയം തിട്ടപ്പെ ടുത്തും.

4 കൃഷിഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക ഇതി



നായി നിയോഗയിച്ച ഏജന്റ് വഴിയോ നേരിട്ടോ സ്ഥലത്തെ ജില്ലാ സഹകരണബാങ്കിലോ, ഗ്രാമീണ ബാങ്ക് ശാഖകളിലോ അടയ്ക്കണം.

5 പ്രീമിയം അടയ്ക്കുന്നതിനും പദ്ധതി പരമാവധി കർഷകരിലെത്തിക്കുന്നതിനും കൃഷി ഓഫീസർമാർ ബന്ധപ്പെട്ട വ്യവസ്ഥ പ്രകാരമോ മറ്റുള്ള പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായോ ഏജന്റിനെ തിരഞ്ഞെടുക്കുകയും പിന്നീട് ആവശ്യാനുസരണം കൂടുതൽ ഏജന്റുമാരെ തെരഞ്ഞെടുക്കുകയും ചെയ്യാവുന്നതാണ്.

6 കർഷകനോ ഏജന്റോ പ്രീമിയം അടച്ച് രസീത് കൃഷിഭവനിൽ ഏല്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകനു നല്കും.

## 7 വിള ഇൻഷ്വറൻസ് ഫണ്ട്

1 സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന വിഹിതം

2 അംഗങ്ങളായ കർഷകരിൽ നിന്നും ലഭിക്കുന്ന പ്രീമിയം

3 ഫണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന പലിശ.

## 8 ഫണ്ട് കൈകാര്യം ചെയ്യൽ

കൃഷി ഡയറക്ടർ സംസ്ഥാനതലത്തിൽ സംസ്ഥാന സഹകരണ ബാങ്കിലും പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ സഹകരണബാങ്കിൽ ജില്ലാ തലത്തിലും ഒരു വിള ഇൻഷ്വറൻസ് ഫണ്ട് അക്കൗണ്ട് എന്ന നിലവിലുള്ള രീതി തുടരും.

സഹകരണ ബാങ്കുകളിൽ ഏജന്റ് മുഖാന്തിരമോ നേരിട്ടോ പ്രീമിയമായി അടയ്ക്കുന്ന തുക അടുത്ത മാസം ഒന്നാം തീയതി തന്നെ പ്രിൻസിപ്പൽ കൃഷിഓഫീസറുടെ ജില്ലാ അക്കൗണ്ടിൽ പ്രൈമറി ബാങ്കിൽ നിന്ന് മാറ്റണം.

ജില്ലാ വിള ഇൻഷ്വറൻസ് ഫണ്ടിൽ 50,000 രൂപ കവിഞ്ഞ് വരുന്ന തുക അതാത് ദിവസം തന്നെ സംസ്ഥാന സഹകരണ ബാങ്കിലെ കൃഷി ഡയറക്ടറുടെ അക്കൗണ്ടിൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നും മാറ്റണം.

## 9 എ. നഷ്ടപരിഹാരത്തിനായി കൈക്കൊള്ളേണ്ട നടപടി

1 അത്യാഹിതം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ അപേക്ഷ നൽകണം.

2 കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ പരിശോധനയ്ക്ക് എത്തുന്നതു വരെ നാശനഷ്ടം സംഭവിച്ച വിള അതേപടി നിലനിർത്തേണ്ടതാണ്.



3 കൃഷിഭവനിൽ അപേക്ഷ ലഭിച്ച് അഞ്ചുദിവസത്തിനകം ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി അതിന്റെ പകർപ്പ് പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് നൽകണം.

**ബി. നഷ്ടപരിഹാരം ശുപാർശ ചെയ്യാനുള്ള പരിധി**

| | | |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് | - 500 രൂപ വരെ |
| 2 | കൃഷി ഓഫീസർ | - 501 രൂപ മുതൽ 3,000 രൂപ വരെ |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | - 3,001 രൂപ മുതൽ 10,000 രൂപ വരെ |
| 4 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | - 10,001 രൂപ മുതൽ 50,000 രൂപ വരെ |
| 5 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | - 50,000 രൂപയ്ക്ക് മുകളിൽ |

**സി. നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം (നെല്ലൊഴികെ)**

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | - 2,00,00 രൂപ വരെ |
| 2 | കൃഷി ഡയറക്ടർ | - 2,00,00 രൂപ മുതൽ 5,00,00 രൂപ വരെ |
| 3 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | - 5,00,00 രൂപയ്ക്ക് മുകളിൽ |

**നെല്ലിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം**

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | - 3,00,00 രൂപ വരെ |
| 2 | കൃഷി ഡയറക്ടർ | - 3,00,00 രൂപ മുതൽ 10,00,00 രൂപ വരെ |
| 3 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | - 10,00,00 രൂപയ്ക്ക് മുകളിൽ |

**അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി**

ഈ കമ്മിറ്റിയുടെ ചെയർമാൻ കൃഷിവകുപ്പ് സെക്രട്ടറിയും കൺവീനർ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി)മാണ്. ഇതിൽ കൃഷി ഡയറക്ടർ, സഹകരണസംഘം രജിസ്ട്രാർ, സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ, സംസ്ഥാന സഹകരണബാങ്ക് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും.

**നഷ്ടപരിഹാരം നൽകുന്ന രീതി**

നഷ്ട പരിഹാരം ഓരോ കർഷകന്റേയും അക്കൗണ്ട് വഴി നേരിട്ട് കൈമാറും.



**പ്രീമിയം ശേഖരണം - പ്രോത്സാഹനം**

ഉദ്യോഗസ്ഥൻമാർക്ക് അധികമായി ഉണ്ടാകുന്ന ജോലിഭാരം കണക്കിലെടുത്ത് പ്രോത്സാഹനമെന്ന നിലയിലും പ്രീമിയം ശേഖരിക്കുന്നതിനും, പദ്ധതിയിൽ കൂടുതൽ കർഷകരെ അംഗങ്ങളാക്കുന്നതിനും നിയോഗിച്ചിട്ടുള്ള ഏജന്റുമാർക്ക് വേതനമെന്ന നിലയിലും പ്രീമിയം തുകയുടെ 10% താഴെ പറയും പ്രകാരം നൽകുന്നതാണ്.

| | | |
|---|---|---|
| ഏജന്റിന് | - | 8% |
| കൃഷി അസിസ്റ്റന്റ് | - | 1.5% |
| കൃഷി ആഫീസർ | - | 0.5% |

വിളകളുടെ വിവരം, ഇൻഷ്വർ ചെയ്യാനുള്ള പ്രായപരിധി, പ്രീമിയം, ഓരോ വിളകൾക്കുമുള്ള നഷ്ടപരിഹാരത്തോത് ഇവ (പട്ടിക 1-ൽ) ചേർത്തിട്ടുണ്ട്.

**ദീർഘകാല വിളകൾക്ക് പ്രത്യേകസംരക്ഷണം**

കേരളത്തിലെ പ്രധാന വൃക്ഷവിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, കുരുമുളക് എന്നീ വിളകൾ നട്ട് വിളവെടുപ്പുവരെ കാലതാമസം സംഭവിക്കുന്നതുകൊണ്ട് ഒരിക്കൽ നാശനഷ്ടമുണ്ടായാൽ വീണ്ടും കൃഷിയിറക്കി ആദായമെടുക്കുന്നതിന് വർഷങ്ങളെടുക്കും. അതിനാൽ ഈ വിളകൾക്ക് പട്ടിക 2-ൽ കാണിച്ചിട്ടുള്ള പ്രകാരം കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേയ്ക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു.





പട്ടിക 1

വിളകളുടെ ഇൻഷ്വർ ചെയ്യാവുന്ന പ്രായപരിധി, പ്രീമിയം, നഷ്ടപരിഹാര തോത്

| നമ്പർ | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാരം തോത് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് ₹ 2 ഒരു വർഷത്തേക്ക്. (3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് ₹ 5 ) | തെങ്ങൊന്നിന് ₹ 2000 |
| 2. | കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേക്ക് ₹ 1.50. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് ₹ 3 | 1 മരത്തിന് ₹ 200 |
| 3. | റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | 1 മരത്തിന് ₹ 1000 |
| 4. | കശുമാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 3 . 3 വർഷത്തേയ്ക്ക് ₹7.50 | 1 മരത്തിന് ₹ 750 |

| | | | | | |
|---|---|---|---|---|---|
| 5. | വാഴ<br><br>(എ) ഏത്തൻ,കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് ₹ 3 | (എ)കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി)കുലയ്ക്കാത്തതിന് ₹ 50<br><br>(എ) കുലച്ചതിന് ₹ 300<br>(ബി)കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |
| 6 | മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനുശേഷം അഞ്ചുമാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടറൊന്നിന് ₹ 10000 |
| 7. | കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിന്ശേഷവും ആറുമാസത്തിനകവും | 0.02 ഹെക്ടറിന് ₹ 37.50 | ഹെക്ടറൊന്നിന് ₹ 50000 |
| 8. | കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങുമരത്തിലുള്ളതിന് ഒരു വർഷത്തേക്ക് ₹ 1.50.<br>മൂന്നു വർഷത്തേയ്ക്കു ഒന്നിച്ചടച്ചാൽ ₹ 3 | ഓരോ താങ്ങു മരത്തിലും ₹ 200 വീതം |

| | | | | | |
|---|---|---|---|---|---|
| 9. | ഏലം | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് ₹ 1500 മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടർ ഒന്നിന് ₹ 60000 |
| 10. | ഇഞ്ചി | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | (ഹെക്ടർ) ഒന്നിന് ₹ 80000 |
| 11 | മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് ₹15 | ഹെക്ടെറന്നിന് ₹ 60000 |
| 12. | കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക് ഒരു വർഷത്തേയ്ക്ക് ₹ 1.50 മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 350 |
| 13. | തേയില | 1 ഹെക്ടർ | ഇലയെടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടറൊന്നിന് ഒരു വർഷത്തേയ്ക്ക് ₹ 1500 . 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടറൊന്നിന് ₹ 70000 ഇൻഷ്വർ ചെയ്തതിന്റെ 10%മോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ട പരിഹാരം നൽകാവുന്നതാണ്. |
| 14. | കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക്. ഒരു മരത്തിന് ₹ 1.50 മൂന്നുവർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 300 |

| | | | | | |
|---|---|---|---|---|---|
| 15. | നിലക്കടല | 0.1 ഹെക്ടർ | നട്ടുകഴിഞ്ഞ് ഒരു മാസത്തിനുശേഷം രണ്ടുമാസത്തിനുമുമ്പ് | 0.1 ഹെക്ടറിന് ₹ 37.50 | (ഹെക്ടറൊന്നിന്) ₹ 12000 |
| 16. | എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 0.1ഹെക്ടറിന് ₹ 37.50 | (ഹെക്ടർ ഒന്നിന്) ₹ 12500 |
| 17. | പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 10 സെന്റിന് ₹ 10 | ഹെക്ടറൊന്നിന് ₹ 25000<br><br>(പന്തലുള്ളവയ്ക്ക് ഹെക്ടറൊന്നിന് ₹ 40000 ) |
| 18. | ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് ₹ 3.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 3000 ഒരു മരത്തിന്. |
| 19. | ഗ്രാമ്പു | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് ₹ 3<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 1000 ഒരു മരത്തിന് . |
| 20. | വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | ഒരു വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50 | സെന്റൊന്നിന് ₹ 1000 |
| 21. | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് രണ്ടാഴ്ച കഴിഞ്ഞ് 1½മാസം വരെ | 0.10 ഹെക്ടറിന് ₹ 19 | ഹെക്ടറിന് ₹ 10000 |

| | | | | | |
|---|---|---|---|---|---|
| 22. | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുര കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | (എ) ചേനകൃഷിക്ക് 7.50/-<br>(ബി)മധുരക്കിഴങ്ങ് കൃഷിക്ക് 4.50/- | ചേന ഹെക്ടറിന് ₹ 35000<br>മധുരകിഴങ്ങ് (ഹെക്ടറൊന്നിന് ₹ 15,000 |
| 23. | കരിമ്പ് | 0.10 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടറിന് 90/- | ഹെക്ടറൊന്നിന് ₹ 50000 |
| 24. | പുകയില | 0.02 ഹെക്ടർ | നട്ട് രണ്ടാഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് 3/- | ഹെക്ടറൊന്നിന് ₹ 20,000 |
| 25. | നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് 25 /- | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15000 .<br>45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35000 (കീടരോഗ ബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

## പട്ടിക 2
## ദീർഘകാല വിളകൾക്ക് നടുന്നതു മുതൽ കായ്ച്ചു തുടങ്ങുന്നതുവരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം

| നമ്പർ | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാരം തോത് |
|---|---|---|---|---|---|
| 1. | തെങ്ങ് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷംവരെ | ഒരെണ്ണത്തിന് ഒരു വർഷത്തേയ്ക്ക് ₹ 1<br>മൂന്നുവർഷത്തേയ്ക്ക് ഒരുമിച്ചടച്ചാൽ ₹ 2 | ആദ്യത്തെ മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 200<br>3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 400 |
| 2. | കമുക് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 6 വർഷം വരെ | മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1.50 | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹ 50<br>3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 80 |
| 3. | റബ്ബർ | 25 എണ്ണം | നട്ട് ഒരു മാസം 7 വർഷം വരെ | മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | മൂന്നുവർഷം വരെ 1 എണ്ണത്തിന് ₹ 200.<br>മൂന്ന് വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 600 |
| 4. | കശുമാവ് | 5 എണ്ണം | നട്ട് ഒരു മാസം മുതൽ 3 വർഷം വരെ | മൂന്നുവർഷത്തേയ്ക്ക് 5 എണ്ണത്തിന് ₹ 4.50 | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹ 100 |
| 5. | കുരുമുളക് | 15 താങ്ങു മരങ്ങളിലുള്ളവ | നട്ട് ഒരു മാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരങ്ങളിലുള്ളത് ഒരു വർഷത്തേയ്ക്ക് ₹ 7.50<br>മൂന്നുവർഷം ഒന്നിച്ചടച്ചാൽ ₹ 15 | ആദ്യത്തെ രണ്ടു വർഷം താങ്ങു മരത്തിനുള്ളതിന് ₹ 50.<br>2 വർഷം മുതൽ 4 വർഷം വരെ ₹ 100 |

## പട്ടിക 3

## വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷാഫോറം

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
2 കൃഷിഭവന്റെ പേര് :
3 കൃഷിഭൂമിയുടെ വിസ്തൃതിയും സർവ്വേനമ്പരും:
4 കൃഷിഭൂമി സ്വന്തമോ പാട്ടത്തിനോ :
5 കൃഷി ചെയ്തിട്ടുള്ള വിളകളുടെ പേര്/എണ്ണം/ വിസ്തൃതി
6 വിളകളുടെ പ്രായം :
7 കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലെ ഉത്പാദനം (വർഷം തിരിച്ച്) :
8 കർഷകന്റെ വാർഷിക വരുമാനം :
9 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം/എണ്ണം :

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിക്കുന്നു. ഞാൻ വിള ഇൻഷുറൻസ് ഫണ്ടിന്റെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു. ഇതിനു വിപരീതമായി പ്രവർത്തിച്ച് ഗവൺമെന്റിന് എന്തെങ്കിലും നഷ്ടമുണ്ടാക്കുന്ന പക്ഷം ആ തുക പലിശയോടുകൂടി എന്നിൽ നിന്നും ഈടാക്കുന്നതിന് ഞാൻ പരിപൂർണ്ണമായി സമ്മതിച്ച് ഒപ്പിട്ടിരിക്കുന്നു.

സ്ഥലം:

തീയതി: കൃഷിക്കാരന്റെ ഒപ്പ്



## പട്ടിക 4

# നഷ്ടപരിഹാരത്തുക അവകാശപ്പെടുന്നതിനുള്ള അപേക്ഷാഫോറം

1. കർഷകന്റെ പേരും മേൽവിലാസവും :
2 രജിസ്റ്റർ നമ്പർ :
3 പ്രീമിയം അടച്ച തുകയും വിശദാംശങ്ങളും :
4 വിളനാശമുണ്ടായ തീയതി :
5 വിളനാശത്തിന്റെ സ്വഭാവം
6 നാശനഷ്ടത്തിന്റെ വിവരങ്ങൾ :
7 നാശനഷ്ടമുണ്ടാകുമ്പോഴുള്ള വിളകളുടെ പ്രായം/ഘട്ടം :
8 വിളനാശം ഉണ്ടായപ്പോൾ നാശനഷ്ടം കുറയ്ക്കാൻ കൈക്കൊണ്ട നടപടികൾ :
9 വിളനാശപ്രകാരം ലഭിക്കേണ്ട തുക (വിള തിരിച്ച്) :
10 ബാങ്ക് അക്കൗണ്ട് നമ്പർ :
11 ആധാർ നമ്പർ :

സ്ഥലം:
തീയതി:

അപേക്ഷകന്റെ ഒപ്പ്

കൃഷി ഓഫീസറുടെ
പരിശോധനാ റിപ്പോർട്ട് :

കൃഷി ഓഫീസറുടെ ഒപ്പ്

ഉത്തരവിറക്കുന്നത് : - കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ/
പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി ഡയറക്ടർ



# സംസ്ഥാന
# വിള ഇൻഷ്വറൻസ്



ഫാം ഇൻഫർമേഷൻ ബ്യൂറോ